ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്താൽ വിവിധ ഭാഗങ്ങളിൽ സന്നദ്ധ സംഘടനകൾ മോട്ടോർ വാഹന വകുപ്പുമായി ചേർന്ന് റോഡ് സുരക്ഷാ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.

ബസ്സുകളുടെ മത്സര ഓട്ടം അവസാനിപ്പിക്കാൻ നടപടി

75 [3509] *ശ്രീ. എ. സി. മൊയ്തീൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചില തിരക്കേറിയ റൂട്ടുകളിൽ, അശാസ്ത്രീയമായി സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകിയത് മത്സര ഓട്ടത്തിനും, അപകടത്തിനും കാരണമായിട്ടുണ്ട് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അശാസ്ത്രീയമായി നൽകിയ പെർമിറ്റുകൾ ക്രമീകരിച്ച് ബസ്സുകളുടെ മത്സര ഓട്ടം അവസാനിപ്പിക്കാൻ എന്തു നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) യാത്രാക്ലേശം കൂടുതലുള്ള റൂട്ടുകളിൽ കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഓടിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അശാസ്ത്രീയമായി സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മത്സര ഓട്ടംമൂലം അപകടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)മത്സര ഓട്ടം നിയന്ത്രിക്കുന്നതിന് വാഹന പരിശോധന കൂടുതൽ കർശനമാക്കുന്നതാണ്.

(സി) പൊതുജനങ്ങളുടെയും പൊതു പ്രവർത്തകരുടെയും നിവേദനങ്ങൾ പരിശോധിച്ച് യാത്രക്കാർ കൂടുതലുള്ള പ്രദേശങ്ങളിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. കൂടുതൽ സർവ്വീസുകൾ നടത്തിവരികയാണ്.

കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഇൻഷ്വറൻസ് പദ്ധതി

76 [3510] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് എന്തെല്ലാം ഇൻഷ്വറൻസ് പദ്ധതികളാണ് നിലവിലുള്ളതെന്ന് പറയാമോ;

(ബി) ഈ ജീവനക്കാർക്ക്, കേരളത്തിലെ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കിയിട്ടുള്ള സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് ഗ്രൂപ്പ് ഇൻഷ്വറൻസ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരി...

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനായി സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽനിന്നും ആവശ്യമായ പദ്ധതി വിശദാംശങ്ങൾ ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കായി യാതൊരുവിധ ഇൻഷ്വറൻസ് പദ്ധതിയും ഏർപ്പെടുത്തിയിട്ടില്ല.

(ബി) & (സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

മോട്ടോർ വാഹന വകുപ്പിലെ കമ്പ്യൂട്ടർവത്ക്കരണം

77 [3511]. *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പ് കമ്പ്യൂട്ടർവത്ക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുവേണ്ടി ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ;

(സി) ഏതെല്ലാം സ്ഥാപനങ്ങളാണ് റേറ്റ് കാട്ട് ചെയ്തതെന്നും ഓരോ സ്ഥാപനത്തിന്റേയും റേറ്റ് എത്ര എന്നും വ്യക്തമാക്കുമോ;

(ഡി) ഏതു സ്ഥാപനത്തെയാണ് കമ്പ്യൂട്ടർവത്ക്കരണത്തിന് ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

(സി) & (ഡി) 20-2-2003-ൽ വിളിച്ച ടെണ്ടറിൽ താഴെ സൂചിപ്പിച്ചിരിക്കുന്ന ഏഴു സ്ഥാപനങ്ങൾ പങ്കെടുത്ത് റേറ്റ് കാട്ട് ചെയ്തിട്ടുണ്ട്. ഓരോ കമ്പനിയും ടെക്നിക്കൽ ബിഡും ഫിനാൻഷ്യൽ ബിഡും സമർപ്പിക്കേണ്ടതാണ്. ടെക്നിക്കലി കാളിഫൈഡ് ആയ കമ്പനികളുടെ ഫിനാൻഷ്യൽ ബിഡുകൾ മാത്രമേ അടുത്ത ഘട്ടത്തിൽ പരിഗണിക്കുകയുള്ളു.

1. ഐ. എൽ. ആൻഡ് എഫ്. എസ്സ്., മുംബൈ.
2. കമ്പ്യൂട്ടർ മെയിന്റനൻസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം.
3. സെൻസാർ ടെക്നോളജീസ് ലിമിറ്റഡ്, പൂന.
4. ഇലക്ട്രോണിക്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്, ബാംഗ്ലൂർ.
5. നെസ്റ്റ് സിസ്റ്റം പ്രൈവറ്റ് ലിമിറ്റഡ്, ആലുവ.
6. കെൽട്രോൺ, തിരുവനന്തപുരം.
7. ബി. പി. എൽ. ടെലികോം പ്രൈവറ്റ് ലിമിറ്റഡ്, പാലക്കാട്.

LIBRARY ARCHIVES Kerala Legislative Assembly